ഉപ്പള	..	10.91	ടി.എം.സി.
ഷിറിയ	..	21.85	,,
ചന്ദ്രഗിരി	..	60.64	,,
കരിയൻ തോട്	..	47.89	,,
കുപ്പം	..	43.65	,,
വളപ്പട്ടണം	..	98.32	,,
കബനി	..	153.00	,,
ഭവാനി	..	36.00	,,
പാമ്പാർ	..	25.00	,,
ചാലിയാർ	..	252.00	,,

അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഉത്ഭവിച്ച് സംസ്ഥാനത്തിനകത്തുകൂടി ഒഴുകുന്ന നദികൾ

102 [5867] ശ്രീ. എം. മുരളി:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, പി. ടി. തോമസ്:
,, ടി. വി. ചന്ദ്രമോഹൻ:
,, കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്ന് ഉത്ഭവിച്ച് സംസ്ഥാനത്തുകൂടി ഒഴുകി കടലിൽ പതിക്കുന്ന നദികളിൽ ഏതിലെങ്കിലും അണകെട്ടി നദിയുടെ സംസ്ഥാനത്തിനകത്തേക്കുള്ള ഗതി തടയുവാൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് നദികളെന്നും ഏത് സംസ്ഥാനമാണ് അണകെട്ടുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഇതുമൂലം സംസ്ഥാനത്തിന് എന്തെങ്കിലും നഷ്ടമോ സംസ്ഥാന താല്പര്യങ്ങൾക്ക് എന്തെങ്കിലും വിഘാതമോ ഉണ്ടാകുമോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടിയെടുത്തു എന്നും ഒരു നടപടിയുമെടുക്കാത്തപക്ഷം അതിനുള്ള കാരണമെന്ത് എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഷിറിയ നദിയുടെ പോഷക നദിയായ 'ഇർദ'യിൽ കർണ്ണാടകം ഒരു 'വെന്റെഡ് ക്രോസ്ബാർ' നിർമ്മിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഭവാനി നദിയിലും ഇതിന്റെ പോഷക നദികളായ ഈസ്റ്റ് വരാഗർ വെസ്റ്റ് വരാഗർ എന്നീ നദികളിലും തമിഴ്നാട് അണകൾ കെട്ടിയിട്ടുണ്ട്.

പറമ്പിക്കുളം അളിയാർ കരാർ പ്രകാരം പെരിയാർ, ചാലക്കുടി പുഴ, ഭാരതപ്പുഴ എന്നിവയിൽ ലോവർ നിരാർ, തമിഴ്നാട് ഷോളയാർ പറമ്പിക്കുളം തുണക്കടവ്, പെരുവാരിപ്പള്ളം അലിയാർ എന്നീ അണക്കെട്ടുകളും അപ്പർ നീരാർ വിയറും തമിഴ്നാട് കെട്ടിയിട്ടുണ്ട്.

(സി) ഉണ്ടാകും.

(ഡി) നടപടി എടുത്തിട്ടുണ്ട്. ഷിറിയ നദിയിൽ ഉള്ള അനധികൃത നിർമ്മാണത്തെ സംബന്ധിച്ച് കർണ്ണാടക സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിലും പരാതിപ്പെട്ടിട്ടുണ്ട്.

ഭവാനി നദിയിൽ തമിഴ്നാട് നിർമ്മിച്ചിട്ടുള്ള അനധികൃത നിർമ്മാണത്തെ സംബന്ധിച്ച് കാവേരി നദീജല ട്രൈബ്യൂണൽ മുമ്പാകെ കേരളം പരാതിപ്പെട്ടിട്ടുണ്ട്.

പറമ്പിക്കുളം—അളിയാർ കരാർ സംബന്ധിച്ച പുനരവലോകന ചർച്ചകൾ നടന്നുവരുന്നു.

നദീജലകരാറുകൾ സംബന്ധിച്ച് നടപടി

103 [5868] ശ്രീ. എ. പി. അനിൽകുമാർ:
,, തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീമതി മേഴ്സി രവി:
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം അയൽ സംസ്ഥാനങ്ങളുമായി ഉണ്ടാക്കിയിട്ടുള്ള നദീജല കരാറോ മറ്റു വിധത്തിലുള്ള നദീജലകരാറോ അനുസരിച്ച് വെള്ളം കൊടുക്കുന്നതുകൊണ്ട് സംസ്ഥാനത്തിന്റെ കൃഷി, ജലസേചനം, കുടിവെള്ളം, വ്യാവസായികാവശ്യങ്ങൾ എന്നിവയ്ക്ക് എന്തെങ്കിലും ബുദ്ധിമുട്ട് നേരിടുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ നദീജല കരാറുകൾ സംബന്ധിച്ച് എന്ത് നടപടിയെടുക്കുവാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly